മാതൃഭൂമി
യഥാർത്ഥ പത്രത്തിന്റെ ശക്തി
Mathrubhumi

# ഗ്രീൻ സ്കിൽ പരിശീലന പരിപാടികൾ സമാപിച്ചു



▶ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ്ങിലെ എൻവിസ് കേന്ദ്രത്തിൽ നടന്ന പരിശീലനത്തിൽ പങ്കെടുത്തവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണ ചടങ്ങിൽനിന്ന്

**കോയമ്പത്തൂർ ▸** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ്ങിലെ എൻവിസ് കേന്ദ്രത്തിൽ നടന്ന കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ ഗ്രീൻ സ്കിൽ ഡെവലപ്മെന്റ് പരിശീലന പരിപാടികൾ സമാപിച്ചു. തൊഴിൽരഹിതർക്ക് സ്വയംതൊഴിൽ കണ്ടെത്താനുതകും വിധമാണ് കോഴ്സുകൾ വിഭാവനം ചെയ്തിരുന്നത്. നഴ്സറി പരിപാലനം, ടിഷ്യൂ കൾച്ചർ തുടങ്ങിയ വിഷയങ്ങളിൽ ആയിരുന്നു ഒരുമാസത്തിലേറെയായി നടന്നുവന്നിരുന്ന പരിശീലനം.

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുമെത്തിയ 55 യുവതീയുവാക്കൾ പരിശീലനം വിജയകരമായി പൂർത്തിയാക്കി. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ് (ഐ.എഫ്.ജി.ടി.ബി.) ഡയറക്ടർ ഡോ. സി. കുഞ്ഞിക്കണ്ണൻ പങ്കെടുത്തവർക്ക് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. സീനിയർ പ്രിൻസിപ്പൽ സയന്റിസ്റ്റും എൻവിസ് കോ-ഓർഡിനേറ്ററുമായ ഡോ. കണ്ണൻ വാര്യരായിരുന്നു പരിശീലനത്തിന് നേതൃത്വം നൽകിയത്. സീനിയർ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. രേഖ വാര്യർ മേൽനോട്ടം വഹിച്ചു. താമസം, ഭക്ഷണം എന്നിവയുൾപ്പെടെ സൗജന്യമായായിരുന്നു പരിശീലനം.

318. News in Mathrubhumi, Palakkad, 02.01.2022, Valedictory Function of Green Skill Development Programmes by IFGTB ENVIS.